ശ്രീ. കണ്ണാറമോപാലപ്പണിക്കർ: ഈ ടാജഡിയിൽ എത്രപേർ മരിച്ചു.

ശ്രീ. സി. കേശവൻ: ഏഴ പേരെന്നാണ് അറിവു.

ട്രാൻസ്പോർട്ട് കാപ്പുറേഷൻ

*൪ ൭൪. (൨) ശ്രീ. വി. കെ.വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സ്റ്റേറിൽ ട്രാൻസ്പോർട്ട് കാപ്പുറേഷൻ തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ യാതൊരു ആലോചനയും ഇല്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഏതെങ്കിലും സ്റ്റേറിൽ ഇതു നടപ്പിൽ വന്നിരിക്കുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിവില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതു ആലോചിക്കേണ്ട ഒരു വിഷയമാണെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാവുന്ന ഒരു വിഷയമാണ്.

പുതിയ ബസ്സ് ലൈസൻസ്

*൪൭൬. (൩) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് അതാറിട്ടി പുതിയ ബസ്സ്ലൈസൻസ് അനുവദിച്ചതിനെപ്പറ്റി വല്ല പരാതികളും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ട്രാൻസ്പോർട്ട് അതാറിട്ടിനിയമനത്തിനുശേഷം എത്ര പുതിയ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഗവൺമെണ്ടിനു ട്രാൻസ്പോർട്ട് അതാറിട്ടിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലുകൾ കിട്ടുന്നുണ്ട്.

(ബി) ഉവ്വ.

ശ്രീ. വി. കെ. വർഗ്ഗീസ്: അതാറിട്ടി ഈ ലൈസൻസുകൾ നൽകുന്നതിനെ സംബന്ധിച്ച് വല്ല കോടതികളും വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് കോടതിയിൽ തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഡി. എസ്സ്. പി.യും സ്ഥലം എം. എൽ. എ. മാരുമാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും ലൈസൻസുകൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം ഉണ്ട്. ഈ ഉവ്വ ലൈസൻസുകളും നല്കിയത് ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. വല്ലീസ്: കൊല്ലം ടൗണിൽ അങ്ങനെ ഉണ്ടായിട്ടില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം വിശ്വസിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ടാൻസ്പോർട്ട് അതോറിട്ടിയിൽ ഡയറക്ടർ ക്ലടാതെ ആരെല്ലാം ഉൾപ്പെട്ടു?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമസഭയിലെ രണ്ടു മെമ്പറന്മാർ, അതായതു് ശ്രീ. കുഞ്ഞുകൃഷ്ണനും, അലക്സാണ്ടർ പറമ്പിത്തറയും ഐ. ജി.യും ഉൾപ്പെട്ടു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവരെ നാമിനേറ്റ ചെയ്യുവരാണോ, അവർക്കു് അലവൻസു വല്ലതും ഉണ്ടോ എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു് ഡെയിലി അലവൻസു് ഉണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. ഇ. പി. പൗലോസു്: ലൈൻ തുടങ്ങണമെന്നു് ആഗ്രഹമുള്ളവർക്കെല്ലാം അതു് അനുവദിച്ചു കൊടുക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമുള്ള സ്ഥലങ്ങളിൽ റൂൾസു് അനുസരിച്ചു് അനുവദിക്കുന്നതാണു്. അല്ലെങ്കിൽ കാമ്പെറേഷൻ ഉണ്ടാവും.

Sri. D. Gnanasigamoni: May I know whether Government have consulted any member from South Travancore so far as roads in South Travancore are concerned?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. എ. താണുപിള്ള: അസംബ്ലിയിൽനിന്നും ഈമാതിരി ആവശ്യങ്ങൾക്കു് മെമ്പറന്മാരെ നാമിനേറ്റ ചെയ്യുന്നതിൽ കുഴപ്പമുണ്ടെന്നു കണ്ടിട്ടു പിന്നെയും അതു തുടർന്നു കൊണ്ടുപോകുന്നതെന്തിനു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് വളരെ മുമ്പു ചെയ്തതാണു്.

ശ്രീ. പി. നാണു: സ്ഥലം എം. എൽ. എ.മാർ ശുപാർശചെയ്യുന്നു എന്നു പറഞ്ഞതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. പക്ഷെ, അങ്ങനെയാണു നടപടി.

ശ്രീ. പി. നാണു: എല്ലാ താലൂക്കിലും ഇതു പതിവുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടെന്നാണു് അറിവു്, എനിക്കു് സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ.

ശ്രീ. പി. നാണു: പല സ്ഥലങ്ങളിലും അങ്ങനെ അല്ലെന്നു് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും വിശ്വസിക്കാം. അതു ഞാൻ മുമ്പേ പറഞ്ഞതാണു്.

ശ്രീ. വി. കെ. വല്ലീസ്: ഗവൺമെണ്ടു ലൈനുകളെ സംബന്ധിച്ചിടത്തോളം കാമ്പെറേഷനു് വഴി നല്കാതിരിക്കുകയും മറ്റു ലൈനുകളെ സംബന്ധിച്ചിടത്തോളം അതിനു സൗകര്യമുണ്ടാക്കുകയും ചെയ്യുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടു ലൈനുകളെ സംബന്ധിച്ചിടത്തോളവും അങ്ങിനെ വരികയാണെങ്കിൽ അതു് നാഷനലൈസേഷൻ പ്രിൻസിപ്പിളിനു് വിപരീതമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപ്പീലിനു് അഡ്വക്കേറ്റന്മാർ ഹാജരാകാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. അവക്കു് പാടില്ലെന്ന വ്യവസ്ഥയില്ല.

ശ്രീ. സി. വി. ഇയ്യു: ഇപ്പോൾ ഉള്ള ലൈനകളെ അവരുടെ മുൻകൂർ അനുമതിക്കായി കൊടുത്തതാണോ?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. എ. അച്യുതൻ: ഈ നാമിനേറ്റഡു് മെമ്പറന്മാക്കു് ട്രാൻസ്ഫോർട്ടു് അധികാരികളെപ്പോലെ അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അധികാരം ഡിപ്പാർട്ടുമെന്റിനാണു്.

റോഡു്

* ൪൭൬. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

കിടങ്ങന്നൂർനിന്നും മെഴുവേലി ഇംഗ്ലീഷു് സ്കൂളിന്റെ പടിക്കൽകൂടി ഇലവന്തിട്ട ചന്തയിലേക്കുള്ള റോഡു് മെയിന്റനൻസിനെടുത്തിട്ടുള്ളതാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. പക്ഷെ അതിലേക്കുള്ള ഒരു എസ്റ്റിമേറ്റു് അനുവദിച്ചിട്ടുണ്ടു്. വേണ്ട സ്ഥലം പൊന്നും വിലകൊടുത്തെടുക്കാൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനെ സംബന്ധിച്ചു് നിവേദനങ്ങൾ വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അറിവില്ല.

പീച്ചിഅണ

* ൪൭൭. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പീച്ചി അണക്കെട്ടു എന്നാണു തുടങ്ങിയതു; അതിന്റെ എസ്റ്റിമേറ്റു് എന്താണു;

(ബി) അതിന്റെ പണി ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു;

(സി) നാളിതുവരെ അതിനു് ഏതു ചിലവായി;

(ഡി) അതു് എന്നത്തേക്കു് പൂർത്തിയാകും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൯൫൫ ജനുവരിയിൽ. ൨൪൦ ലക്ഷം രൂപയാണു് അതിന്റെ എസ്റ്റിമേറ്റു്.

(ബി) അണ അടിത്തട്ടിൽനിന്നും ൩൪ അടി ഉയരംവരെ എത്തിയിട്ടുണ്ടു്. റൈറ്റു് ബാങ്കു് മെയിൻ കനാലിന്റെ ജോലി പുരോഗമിച്ചുകൊണ്ടിരിക്കയാണു്. അതിന്റെ ആദ്യത്തെ ഏഴു മൈലിലും അതിന്റെ ശാഖകളിലും പെട്ട ഭൂമികൾക്കു് അടുത്ത മുണ്ടകൻകാലത്തു് വെള്ളം കൊടുക്കുവാൻ സാധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly